പനങ്ങാട്ട് പുഞ്ചനിലങ്ങളിലെ കൃഷി നശിച്ചതിന് നഷ്ടപരിഹാരം

(373) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ കളനട പഞ്ചായത്തിലെ പനങ്ങാട് പുഞ്ച നിലങ്ങളിൽ കീടബാധമൂലം ഉണ്ടായ നെൽകൃഷി നാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പനങ്ങാട് നെല്ലുൽപ്പാദന സഹകരണസംഘം സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

ചോദ്യം (372) ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) കീടബാധമൂലം വ്യാപകമായ കൃഷിനാശം ഉണ്ടായ പ്രസ്തുത സ്ഥലം കൃഷി വകുപ്പിലെ ഉത്തരവാദിത്വപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ടോ;

(ഡി) നെൽകൃഷി നാശംമൂലം കർഷകർക്ക് ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് നഷ്ടപരിഹാരം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) രോഗബാധയുടെ വിവരം അറിഞ്ഞപ്പോൾത്തന്നെ കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ, ബ്ലോക്കിലെ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ പലപ്പോഴായി സ്ഥലം സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക സർവകലാശാലയുടെ കീഴിലുള്ള സദാനന്ദപുരത്തെ കൃഷി വിജ്ഞാനകേന്ദ്രം അസിസ്റ്റന്റ് പ്രൊഫസറും സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(ഡി) കർഷകർക്കുണ്ടായ ഇത്തരം നഷ്ടത്തിന് ധനസഹായം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥകളൊന്നുമില്ല.

സീഡ് അതോറിറ്റിയുടെ പ്രവർത്തനമേഖല

(374) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സീഡ് അതോറിറ്റിയുടെ പ്രവർത്തനം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ അതോറിറ്റിയുടെ പ്രവർത്തനം മലപ്പുറം ജില്ലയിലെ നെൽകൃഷിയുള്ള എല്ലാ വില്ലേജുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly